**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2793 — 06.02.2018 -ലെ മറുപടിക്ക്

**തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ ലയനം**

ചോദ്യം — മറുപടി

**ശ്രീ. കെ.സി.ജോസഫ്**
**ശ്രീ. വി.ടി.ബൽറാം**
**ശ്രീ. ഹൈബി ഈഡൻ**
**ശ്രീ. അടൂർ പ്രകാശ്:**

**ശ്രീ. ടി.പി.രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ചെലവ് ചുരുക്കലിന്റെ ഭാഗമായി തൊഴിൽ വകുപ്പിന് കീഴിൽ വരുന്നതും വരുമാനം കുറഞ്ഞതുമായ തൊഴിലാളി ക്ഷേമനിധി ബോർഡുകളെ ലയിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; | (എ) & (ബി) | ഇക്കാര്യം പരിശോധിച്ചുവരുന്നു. |
| (ബി) | ഏതെല്ലാം ബോർഡുകളെയാണ് ഇപ്രകാരം ലയിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | | |
| (സി) | ഇതിനെക്കുറിച്ച് പഠിച്ച ശ്രീനിവാസൻ കമ്മീഷൻ, വി.ജെ.തോമസ് കമ്മീഷൻ എന്നിവരുടെ റിപ്പോർട്ടുകളിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (സി) | വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | പ്രസ്തുത ശിപാർശകളുടെ അടിസ്ഥാനത്തിലാണോ ക്ഷേമനിധി ബോർഡുകളെ ലയിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | (ഡി) | പ്രസ്തുത ശുപാർശകളും പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## പി.ജി.തോമസ് കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ക്ഷേമനിധി ബോർഡ്, കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ സാമ്പത്തിക ഭദ്രതയുള്ളതും തനിയെ നിലനിൽക്കാൻ പ്രാപ്തവുമാണ്. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്, കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ് എന്നിവ സാമ്പത്തിക ഭദ്രതയില്ലാത്ത ബോർഡുകളായി കണക്കാക്കാവുന്നതാണ്. സാമ്പത്തിക ഭദ്രത കുറവാണെങ്കിലും തൊഴിൽ സ്വഭാവവും അംഗബലവും പരിഗണിച്ച് സാമ്പത്തിക ഭദ്രതയില്ലാത്ത ബോർഡുകൾ ഉൾപ്പെടെ താഴെ സൂചിപ്പിക്കുന്ന 11 ബോർഡുകൾ നിലനിർത്താവുന്നതാണ്.

1) കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്.
2) കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്.
3) കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്.
4) കേരള അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷ ബോർഡ്.
5) കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ക്ഷേമനിധി ബോർഡ്.
6) കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്.
7) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്.
8) കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്.
9) കേരള ചുമട്ട് തൊഴിലാളി ക്ഷേമ ബോർഡ്.
10) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്.
11) കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്.

* കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് സാമ്പത്തിക ഭദ്രത ഉള്ളതാണെങ്കിൽ പോലും കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിനോട് കൂട്ടിച്ചേർക്കാവുന്നതാണ്.
* കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് നിർത്തലാക്കി ഒരു പ്രത്യേക പദ്ധതിയായി കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ക്ഷേമനിധി ബോർഡിനോട് കൂട്ടിച്ചേർക്കാ-വുന്നതാണ്.
* കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് ഒരു പ്രത്യേക പദ്ധതിയായി കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന് കീഴിൽ പ്രവർത്തിപ്പിക്കാവുന്നതാണ്.
* കേരള ഈറ്റ-കാട്ടുവള്ളി-തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് നിർത്തലാക്കാവുന്നതും ഒരു പ്രത്യേക പദ്ധതിയായി കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന് കീഴിൽ പ്രവർത്തിപ്പിക്കാവുന്നതാണ്.
* കേരള ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ് നിർത്തലാക്കിക്കൊണ്ട് കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഒരു പ്രത്യേക പദ്ധതിയായി പ്രവർത്തിപ്പിക്കാവുന്നതാണ്.

മേൽ വിവരിച്ച പുനഃസംഘടന നടത്തുന്നതുവഴി ബോർഡുകളുടെ എണ്ണം 16 ൽ നിന്നും 11 ആയി കുറയ്ക്കാവുന്നതാണ്.

ശ്രീനിവാസൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ

* സാമ്പത്തിക ഭദ്രത, പ്രൊവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി, തൊഴിലാളികൾക്ക് ലഭ്യമാകുന്ന വിവിധ ആനുകൂല്യങ്ങൾ തുടങ്ങിയവ കണക്കിലെടുത്ത് താഴെ പറയുന്ന ബോർഡുകൾ അതേപടി നിലനിർത്താവുന്നതാണ്.

1) കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്
2) കേരള ചുമട്ട് തൊഴിലാളി ക്ഷേമ ബോർഡ്
3) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്
4) കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്

* സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കേരള ഈറ്റ-കാട്ടുവള്ളി-തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ മദർ ബോർഡായ കേരള തൊഴിലാളി ക്ഷേമനിധി ബോർഡുമായി സംയോജിപ്പിച്ച് പ്രവർത്തിപ്പിക്കാവുന്നതാണ്.
* കണ്ണൂർ കേന്ദ്രമായി പ്രവർത്തിക്കുന്നതും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി-ചുരുട്ട് തൊഴിലാളി ബോർഡ് എന്നിവ സംയോജിപ്പിച്ച് ആസ്ഥാനം കണ്ണൂർ ആയി നിലനിർത്തേണ്ടതാണ്.
* തൊഴിലാളി ക്ഷേമനിധി ബോർഡിനെ മദർ ബോർഡായി പ്രഖ്യാപിക്കുകയും വിവിധ ക്ഷേമപദ്ധതികളെ ടി ബോർഡിൽ ഉൾപ്പെടുത്തേണ്ടതുമാണ്.
* സാമ്പത്തികമായി സ്വയംപര്യാപ്തമല്ലെങ്കിലും അംഗസംഖ്യ കൂടുതലുള്ളതിനാൽ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ സ്വതന്ത്രമായി നിലനിർത്താവുന്നതാണ്.
* കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ക്ഷേമനിധി ബോർഡ് അതേപടി നിലനിർത്തേണ്ടതും കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് ടി ബോർഡിനോട് ചേർക്കാവുന്നതാണ്.
* സാമ്പത്തികമായി സ്വയംപര്യാപ്തമായതിനാൽ അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിനെ സ്വതന്ത്രമായി നിലനിർത്താവുന്നതാണ്.
* കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന (അറ്റാച്ച്ഡ് വിഭാഗം) തൊഴിലാളികൾ ബഹുഭൂരിപക്ഷവും ജോലി ചെയ്യുന്നത് കടകളും വ്യാപാര സ്ഥാപനങ്ങളിലുമായതിനാൽ ടി വിഭാഗത്തെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ ക്ഷേമനിധി ബോർഡിൽ ഉൾപ്പെടുത്താവുന്നതാണ്.
* ഓട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധി പദ്ധതിയെ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ലയിപ്പിക്കാവുന്നതാണ്.

(signature)

സെക്ഷൻ ഓഫീസർ